# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3489      22.08.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ഗുരുതര അപകടത്തിൽപെട്ടയാൾക്ക് അടിയന്തര ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>,, ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുരുതര അപകടത്തിൽപെട്ടയാൾക്ക് അഞ്ചോളം ആശുപത്രികൾ അടിയന്തര ചികിത്സ നല്കാതെ വന്നതുമൂലം ആ വ്യക്തി മരണപ്പെടാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഗുരുതര അപകടത്തിൽപ്പെട്ട തമിഴ്നാട് സ്വദേശി ശ്രീ.മുരുകൻ എന്നയാൾക്ക് അഞ്ചോളം ആശുപത്രികളിൽ പ്രവേശിക്കപ്പെട്ടിട്ടും മരണം സംഭവിച്ചിട്ടുണ്ട്. |
| (ബി) | വെന്റിലേറ്ററുകളുടെ അഭാവം മൂലമാണ് ആശുപത്രികളിൽ പ്രസ്തുത രോഗിയെ അഡ്മിറ്റ് ചെയ്യാതിരുന്നത് എന്നത് കണക്കിലെടുത്ത് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ വെന്റിലേറ്ററുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് പരിഗണിക്കുമോ; | (ബി) | സർക്കാർ മെഡിക്കൽ കോളേജിൽ വെന്റിലേറ്ററുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും പുതിയവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മെഡിക്കൽ കോളേജുകളിൽ പോർട്ടബിൾ വെന്റിലേറ്ററുകൾ ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ; | (സി) | ആവശ്യാനുസരണം പോർട്ടബിൾ വെന്റിലേറ്ററുകൾ ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഒരു ട്രോമാകെയർ നയം രൂപീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ - നാഷണൽ ഹൈവേസ് പ്രകാരമുള്ള നൂതന സജ്ജീകരണങ്ങളോടു കൂടിയ ട്രോമാകെയർ സംവിധാന നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം, മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടവും റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് അന്തിമഘട്ടത്തിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 10.21 കോടി രൂപ അനുവദിക്കുകയും അതിൽ 4.5 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ |

| | | | |
|---|---|---|---|
| | | | ട്രോമകെയർ ആരംഭിക്കുന്നതിലേയ്ക്കായി പുതിയ തസ്തികകൾക്കായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാകെയറിന്റെ പണി ആരംഭിച്ചു ഇതിലേയ്ക്കായി കേന്ദ്ര സർക്കാർ ആദ്യ ഗഡുവായി 3.675 കോടി രൂപ 2018 ജനുവരിയിൽ അനുവദിച്ചു. സംസ്ഥാന സർക്കാർ ഫണ്ടായ 21.47 കോടി രൂപ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിനായുള്ള കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാർ ഫണ്ടായ 20.23 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>തൃശ്ശൂർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ടം അവസാനിച്ചു. 7.55 കോടി രൂപയുടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ചു ആദ്യ ഘട്ടവും 7.04 കോടി രൂപ ഉപയോഗിച്ചുള്ള രണ്ടാം ഘട്ടവും പുരോഗമിച്ചു വരുന്നു.<br><br>കോട്ടയം മെഡിക്കൽ കോളേജിലെ ട്രോമാകെയർ അടക്കമുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പുതിയ കാഷ്വാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആദ്യ ഘട്ടമായ 27.5 കോടി രൂപയും രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിനായി 16.25 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ ഈ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനങ്ങൾ തുടരാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>പാരിപ്പള്ളി മെഡിക്കൽ കോളേജിലും പുതിയ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ